**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1181** **15-10-2026-ൽ മറുപടിയ്ക്ക്**

**പരിശീലന കേന്ദ്രങ്ങളും നൈപുണ്യ വികസനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് സിവിൽ സർവീസ്, പി.എസ്.സി., ബാങ്കിംഗ് പരീക്ഷകൾക്കായി പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് (CCMY) സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** 15.03.2026-ലെ സ.ഉ.(കൈ) നം.34/2026/GAD പ്രകാരം സംസ്ഥാനത്ത് പുതുതായി 13 ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പരിശീലനകേന്ദ്രങ്ങളെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും അവയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി നിലവിലുള്ള 24 മുഖ്യ പരിശീലനകേന്ദ്രങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റവും 5 പരിശീലനകേന്ദ്രങ്ങളിൽ സിസിടിവി സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

**(ബി)** ന്യൂനപക്ഷ വിഭാഗത്തിലെ പെൺകുട്ടികളുടെ ശാക്തീകരണത്തിനും സ്വയംതൊഴിൽ പരിശീലനത്തിനുമായി നടപ്പിലാക്കുന്ന വിങ്സ് (WINGS), മറ്റ് തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ എന്നിവയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**മറുപടി:** ന്യൂനപക്ഷ മതവിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി 2025-26 സാമ്പത്തിക വർഷം അസാപ് കേരളയുമായി സഹകരിച്ച് പവർ ഇലക്ട്രോണിക്സ് സർവീസ് ടെക്നീഷ്യൻ, സീറോ ടു ഹീറോ, ജനറൽ ഫിറ്റ്നസ് ട്രെയിനർ, ഹൈഡ്രോപോണിക്സ് പ്രൊഡ്യൂസർ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ആയുർവേദ തെറാപ്പി എന്നീ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

ഈ വകുപ്പ് (WINGS) എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**